നം. ICDS A1/27437/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 14.10.2020

ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്,

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി-ഫ്ലെക്സി ഫണ്ട് അക്കൗണ്ടിൽ എൽപിജി സബ്സിഡി തുക അങ്കണവാടി വർക്കർക്ക് തിരികെ നൽകുന്നത് - സംബന്ധിച്ച്.

സൂചന 1. 03.08.2020, 14.08.2020, 24.09.2020 തീയതികളിലെ ഇതേ നമ്പർ കത്തുകൾ
2.കൊല്ലങ്കോട് ശിശു വികസന പദ്ധതി ഓഫീസറുടെ 11.10.2020 തീയതിയിലെ ICDS/KLGD/206/2020 നംബർ കത്ത്.

അങ്കണവാടികളുടെ വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള ഫ്ലെക്സി ഫണ്ട് തുകയും, പലിശയും, എൽപിജി യുടെ സബ്സ്ഡി തുകയും സർക്കാരിന്റെ വിവിധ ശീർഷകങ്ങളിൽ ഒടുക്കുന്നതിനും തിരിച്ചടച്ച തുകയുടെ വിശദാംശം നിശ്ചിത പ്രോഫോർമ പ്രകാരം പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച് സമർപ്പിക്കുന്നതിനും സൂചന(1), പ്രകാരം നിർദേശം നൽകിയിരുന്നു. അപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയിൽ എൽപിജി സബ്സിഡി തുക അങ്കണവാടി വർക്കർക്ക് അർഹതപ്പെട്ടതാണെന്നും ആയതിനാൽ ടി തുക അങ്കണവാടി വർക്കർക്ക് തിരികെ നൽകുന്നതിന് അനുമതി നൽകണമെന്നും സൂചന(2) പ്രകാരം കൊല്ലങ്കോട് ശിശു വികസന പദ്ധതി ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ എൽപിജി ആവശ്യത്തിന് സബ്സിഡി തുക കുറവ് ചെയ്ത ശേഷമുള്ള തുകയാണോ തദ്ദേശ സ്വയം ഭരണ സ്ഥാപനം അനുവദിക്കുന്നതെന്ന് അറിയിക്കണമെന്ന് നിർദേശിക്കുന്നു. ആയതിനോടൊപ്പം സൂചന(1) പ്രകാരം ആവശ്യപ്പെട്ട വിവരം നിശ്ചിത പ്രോഫോർമ പ്രകാരം അടിയന്തിരമായി സമർപ്പിക്കണമെന്നുമറിയിക്കുന്നു.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി**